പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2839 — 7/12/2018 ൽ മറുപടിക്ക്

# പ്രളയത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

ചോദ്യം — മറുപടി

**ശ്രീ.സി. ദിവാകരൻ:**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | |
|---|---|
| സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ എത്ര വളർത്തുമൃഗങ്ങളുടെ നഷ്ടം ഉണ്ടായെന്ന് വ്യക്തമാക്കാമോ; വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | പ്രളയവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയം മൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.8 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ 95 സ്ഥാപനങ്ങളിൽ കേടുപാടുകൾ ഉണ്ടായതു മൂലം 23 കോടിയുടെ നഷ്ടമുണ്ടായിട്ടുണ്ട്.<br><br>ദുരന്തനിവാരണ മാനദണ്ഡപ്രകാരം വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിന്റെ ഭാഗമായി ആദ്യഗഡുവായ 29 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. ആയത് മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ